പുതിയ റോഡുകൾ

*൪൯൯. (൧൦൧) ശ്രീ. ആർ. അച്ചുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പി. ഡബ്ലിയു. വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊട്ടാരക്കര താലൂക്കിൽ പുതുതായി നായാട്ടുകാർ വെട്ടിയുണ്ടാക്കി ഗവൺമെണ്ട് ഏറ്റെടുത്തു നന്നാക്കുന്നതിനു് അപേക്ഷിച്ചു റോഡുകൾ ഏതെല്ലാം;

(ബി) അവയിൽ എത്ര എണ്ണം ഗവൺമെണ്ട് ഏറ്റെടുത്തു നന്നാക്കി; അവ ഏതെല്ലാം?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ൧. ഐവർകാല—പുത്തൂർ റോഡ്.

൨. കുന്നിക്കോട്—പട്ടാഴി റോഡ്.

൩. എഴുകോൺ—നെടുവങ്കാവു റോഡ്

൪. കൊട്ടാരക്കര റെസ്റ്റ ഹൌസിന്റെ തെക്കുഭാഗത്തുനിന്നു തുടങ്ങി എം. സി. റോഡിൽ ചേരുന്ന റോഡ്.

൫. എം. സി. റോഡിൽ ൪ വു-ാം മൈലിൽനിന്നു തുടങ്ങി എഴുകുടിപ്പെട്ടാഴി റോഡിൽ ചേരുന്ന റോഡ്.

൬. അയിരൂർ—ഇത്തിക്കര റോഡ് ൧ ൨-ാം മൈലിൽ തുടങ്ങി ഇരവിപുരം അയിരൂർ റോഡ് ൧ ൦-ാം മൈലിൽ ചേരുന്ന റോഡ്.

൭. ചീരങ്കാവു—പുത്തൂർ റോഡ്.

൮. തുവണിശ്വരം—പത്തനാപുരം റോഡിൽനിന്നു തുടങ്ങുന്നു റോഡ്.

൯. കോലത്തുരിൽനിന്നു എരമ്പനങ്ങാട് സ്കൂളിലേക്കുള്ള റോഡ്.

൧൦. കൊട്ടാരക്കര വെളിനല്ലൂർ റോഡു ൪-ാം മൈലിൽനിന്നു വാളകത്തേക്കുള്ള റോഡ്.

(ബി) ൪ എണ്ണം.

൧. ഐവർകാല—പുത്തൂർ റോഡ്.

൨. കുന്നിക്കോട്—പട്ടാഴി റോഡ്.

൩. എഴുകോൺ—നെടുവൻകാവു റോഡ്.

൪. കൊട്ടാരക്കര റെസ്റ്റ ഹൌസിന്റെ തെക്കു ഭാഗത്തുനിന്നും എം. സി. റോഡിൽ ചേരുന്ന റോഡ്.

ഈ നാലു റോഡുകളുടേയും ജോലികൾ പൂർത്തിയായിട്ടില്ല. വേലകൾ ചെയ്തുകൊണ്ടിരിക്കയാണു്.

നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം

*൫൨൦. (൧൦൫) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെണ്ടിൽനിന്നും വ്യതിചലിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കുന്നത്തുനാടു താലൂക്കിൽ പിച്ചാനിക്കാടു എന്ന സ്ഥലത്തു മറ്റൊന്നു പള്ളിക്കൂടം പോലും ഇല്ലാതാക്കുവാൻ കാരണമെന്തു?

LIBRARY ARCHIVES Kerala Legislative Assembly